II ഇ.ബി. XIII കേരള നിയമസഭ/II-12

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**47 (*331) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം**

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതു മേഖലയിൽത്തന്നെ നിലനിർത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് സഭയെ അറിയിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പുമന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ചേർന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സ്ഥിതിയെപ്പറ്റി അതാത് സ്ഥാപനങ്ങളുടെ മേധാവികളുമായി അവലോകന യോഗം നടത്തിയിട്ടുണ്ട്. ഇവയുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്റർനെറ്റ് അധിഷ്ഠിത വെബ് പോർട്ടൽ സജ്ജമാക്കി ദൈനംദിന മോണിട്ടറിംഗ് സംവിധാനം, മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുകയും പ്രവർത്തന

നിർദ്ദേശങ്ങൾ നൽകുന്നതിന് സംവിധാനമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇത് മോണിറ്റർ ചെയ്യുന്നതിനായി Public Sector Restructuring & Internal Audit Board (RIAB)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ആറ് മാസക്കാല യളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ 81.39 കോടി രൂപയുടെ ലാഭ മുണ്ടാക്കിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെയും പ്രവർത്തനമൂലധന ത്തിന്റെയും അപര്യാപ്തതമൂലം പ്രതിസന്ധി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും നിലവിലുള്ളവയെ പുനരുദ്ധരിക്കു ന്നതിനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ സംയുക്ത സംരംഭമായി പ്രവർത്തിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണെന്നും മലബാർ സിമന്റ്സിൽ സംസ്ഥാന വേതന ഘടന നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. വ്യവസായവത്ക്കരണത്തിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥലം ഉപയോഗപ്പെടുത്തിയതല്ലാതെ വസ്തുവകകൾ വില്പന നടത്തിയിട്ടില്ലെന്നും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടലോ സ്വകാര്യവൽക്കരണമോ അല്ല സർക്കാരിന്റെ നയമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**48 (*332 & *333) <u>അധികാര വികേന്ദ്രീകരണം</u>**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ, അധികാര വികേന്ദ്രീകരണം സുസ്ഥിരമായി

നടപ്പാക്കിയതിന് കേന്ദ്ര സർക്കാരിന്റെ പഞ്ചായത്ത് എംപവർമെന്റ് & അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം (PEALS) പ്രകാരം 2010-11-ൽ കേരളത്തിന് അവാർഡ് ലഭിച്ചിട്ടുണ്ടെന്നും അവാർഡ് തുക മൂന്ന് കോടി രൂപയാണെന്നും സഭയെ അറിയിച്ചു. അധികാര വികേന്ദ്രീകരണം ഫലപ്രദ മാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള ഒമ്പതംഗ ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ വനിതാ കമ്മീഷനാണ് മോണിറ്റർ ചെയ്യുന്നത്. സ്ത്രീകളും പെൺകുട്ടികളും കക്ഷികളായ പരാതികൾക്ക് പരിഹാരമുണ്ടാക്കുക, അവർക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കുക, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക, സ്ത്രീകളുടെ അവകാശങ്ങളെ ക്കുറിച്ചും അവകാശലംഘനങ്ങളെക്കുറിച്ചും ബോധവത്ക്കണം നടത്തുക, നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക തുടങ്ങിയവ ജാഗ്രതാ സമിതികൾ മുഖേന നടത്തിവരുന്നുണ്ട്. ഇത്തരം പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് അംഗങ്ങൾക്ക് പരിശീലനം നൽകുന്നുണ്ട്. ജാഗ്രതാസമിതികളുടെ ശാക്തീകരണത്തിനായി പരിശീലന പരിപാടികൾ, മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളുടെ അനുഭവങ്ങൾ പങ്കിടുന്ന ശില്പശാല, പഠനസന്ദർശനങ്ങൾ എന്നിവയ്ക്ക് 'കില' നേതൃത്വം നൽകുന്നുണ്ട്; കൂടാതെ പഞ്ചായത്തുകളെ സഹായിക്കുന്നതിന് മാസ്റ്റർ ട്രെയിനർമാരുടെ സേവനവും 'കില' ലഭ്യമാക്കുന്നുണ്ട്. കുട്ടികളുടെ സർഗ്ഗാത്മകവും വൈജ്ഞാനികവുമായ വളർച്ച ലക്ഷ്യമാക്കി കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച ശിശുവികസന പരിപാടിയാണ്

ബാലസഭകൾ. വികസന പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനാണ് ബാലപഞ്ചായത്ത് പ്രവർത്തിക്കുന്നത്. കുട്ടികളിൽ പ്രാദേശിക ഭരണ സംവിധാനം, ജനാധിപത്യ പ്രക്രിയ എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് വാരാന്ത്യ പഠന ക്ലാസ്സുകൾ, ബോധവൽക്കരണ ക്യാമ്പുകൾ (ആരോഗ്യം), സാഹസിക കായിക വിനോദങ്ങൾ, വിഷയാസ്പദ പരിശീലനക്യാമ്പുകൾ (വൈദഗ്ദ്ധ്യ/ വ്യക്തിത്വ വികസനം), ടീൻ ക്യാമ്പ് (മന:ശാസ്ത്ര വിഷയങ്ങൾ), സംസ്ഥാനതല സഹവാസ ക്യാമ്പുകൾ, കുട്ടികളുടെ അവകാശങ്ങൾ അടിസ്ഥാന പ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ, പരിസര ശുചീകരണ പ്രവർത്തനങ്ങൾ, പ്രാദേശിക ചരിത്ര പഠനയാത്ര, സമകാലികവിഷയങ്ങൾ സംബന്ധിച്ച ചർച്ചകൾ/സംവാദങ്ങൾ, ട്രാഫിക് നിയമങ്ങളുടെ പഠനം, നാടകക്കളരി/കാർഷികാനുബന്ധപരിപാടികൾ, പത്ര-ദൃശ്യമാദ്ധ്യമ അവബോധ ക്ലാസ്സ്, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തെക്കുറിച്ചുള്ള പഠനം, പഞ്ചായത്ത്/നഗരസഭ തലത്തിൽ സാംസ്കാരിക വിദ്യാഭ്യാസ സംഘടനകളും സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പരിപാടികൾ എന്നിവ ബാലസഭകൾ മുഖേന നടത്തിവരുന്നുണ്ട്. UNICEF-ന്റെ സഹായത്തോടെ കുട്ടികളുടെ സമഗ്ര വികസന പദ്ധതിക്ക് കില രൂപം നൽകിയിട്ടുണ്ടെന്നും ശിശു സൗഹൃദ പഞ്ചായത്ത് രൂപപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യ മെന്നും ഇത്തരം പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ പഞ്ചായത്തുകളെ സഹായിക്കുന്നതിനായി കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിച്ച പരിശീലന പരിപാടി 2012-ൽ മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.

പഞ്ചായത്തുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് പഠിക്കാനായി നിയോഗിച്ച രണ്ടംഗ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. പഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കാനും തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും. പ്രോപ്പർട്ടി ടാക്സ് ബോർഡ് രൂപീകരിച്ചതിനാൽ പെർഫോർമൻസ് ഗ്രാന്റ് ഇനത്തിൽ കൂടുതൽ വിഹിതം കേരളത്തിന് ലഭ്യമാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി രൂപീകരിച്ച കോ-ഓർഡിനേഷൻ കമ്മിറ്റികൾ നവംബർ മാസം ആദ്യവാരവും തുടർന്ന് എല്ലാ മാസവും യോഗം ചേരുന്നതാണ്. 1195.8 കോടി രൂപയുടെ ലോക ബാങ്ക് പദ്ധതിയായ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് നടപ്പാക്കുന്നതാണെന്നും ഈ പദ്ധതി വിഹിതത്തിന്റെ ആദ്യഗഡു പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നവംബർ മാസം വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. പഞ്ചായത്തുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി തസ്തിക ഏകീകരിക്കുകയും പൗരാവകാശ രേഖ പ്രകാശനം ചെയ്യുകയും പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വകുപ്പിലെ ഉന്നതോദ്യോഗസ്ഥർ എന്നിവർക്ക് സൗജന്യമായി മൊബൈൽ സിം കാർഡ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം എല്ലാ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണെന്നും ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം രാമനാട്ടുകര പഞ്ചായത്തിൽ നടത്തിയതായും മന്ത്രി അറിയിച്ചു. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ എ.ഇ.മാരുടെ കുറവ് നികത്തുന്നതോടൊപ്പം ഈ തസ്തികയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെ

ക്കുറിച്ച് പരിഗണിക്കുന്നതാണ്. ആശ്രയ പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണെന്നും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള എസ്.സി.പി. ഫണ്ട് ചെലവഴിക്കുന്നതിനുള്ള നോംസ് ലളിതമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും 'കില'യെ ഡീംഡ് യൂണിവഴ്സിറ്റിയായി ഉയർത്തുന്നതിനെക്കുറിച്ച് ആലോചന നടക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**49 (*334) <u>കായിക വിദ്യാഭ്യാസം</u>**

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, കായിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിയ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി, ആരോഗ്യ കായിക വിദ്യാഭ്യാസ പരിപാടി, വിഷൻ ഇന്ത്യ കേരള പദ്ധതി എന്നിവ തുടർന്നും നടപ്പാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അന്താരാഷ്ട്ര കായിക മേളകളിൽ മെഡൽ നേടുന്നതിന് അത്ലറ്റുകളെ പ്രാപ്തരാക്കുന്നതിനായി എലൈറ്റ് അത്ലറ്റിക് ട്രെയിനിംഗ് സെന്റർ (ഇ.എ.റ്റി.സി.) സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് ഒളിമ്പ്യൻ സുരേഷ്ബാബുവിന്റെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ചിട്ടുണ്ട്. സ്പോർട്സ് രംഗത്തെ കെടുകാര്യസ്ഥത അവസാനിപ്പിക്കുന്നതാണ്. കായിക രംഗത്തെ വികസനത്തിനായി സ്പോർട്ട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനും പൂഞ്ഞാറിൽ സ്പോർട്ട്സ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനും ജി.വി. രാജ ഫുട്ബാൾ ടൂർണമെന്റ്, കോളേജ് ഗെയിംസ് എന്നിവ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള സിന്തറ്റിക് ഫ്ളോറിംഗോടുകൂടിയ മൾട്ടി പർപ്പസ് സ്റ്റേഡി

യങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും എ.എസ്. കിട്ടിയാൽ മാളയിൽ സ്ഥാപിക്കുന്ന കെ. കരുണാകരൻ സ്മാരക സ്റ്റേഡിയത്തിന്റെ മോഡലിൽ തന്നെ ഒറ്റപ്പാലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 3253 മുതൽ 3546 വരെയുള്ള ചോദ്യങ്ങളിൽ 160 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)